# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - ശ്രീമതി. യമുനകുമാരി എൻ, ഓഫീസ് അറ്റൻഡന്റ് - നഗരകാര്യ വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ജയിൽ വകുപ്പിൽ നിന്നും വിടുതൽ ചെയ്തുകൊണ്ട് ഉത്തരവാകുന്നു:-

പരാമർശം : 1. കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ പത്തനംതിട്ട ജില്ലാ ഓഫീസിൽ നിന്നുള്ള 13/10/2020 തീയതിയിലെ PTA IV (3)1123/16 എന്ന നിയമന ശിപാർശ.
2. ജയിലാസ്ഥാനകാര്യാലയത്തിൽ നിന്നുള്ള 27/10/2020, 03/11/2020തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.
3. കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നുള്ള 20/07/2021 തീയതിയിലെ DTC (2)162709/19 എന്ന നിയമന ശിപാർശ.
4. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 26/08/2021 തീയതിയിലെ E9-4046/11 (TVPM) എന്ന ഉത്തരവ്.
5. ഓഫീസ് അറ്റൻഡന്റ് ശ്രീമതി. യമുനകുമാരി എൻ സമർപ്പിച്ച 31/08/2021 തീയതിയിലെ അപേക്ഷ.

<u>**ഉത്തരവ്** നമ്പർ. E3-24798/2014/PrHQ; **തീയതി** : 01-09-2021</u>

പരാമർശം ഒന്നിലെ നിയമന ശിപാർശ, പരാമർശം രണ്ടിലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ 02/11/2020 പൂർവ്വാഹ്നം മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജയിലാസ്ഥാനകാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. യമുനകുമാരി എൻ ന് പരാമർശം മൂന്ന്, നാല് എന്നിവ പ്രാകാരം നഗരകാര്യ വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിക്കുകയുണ്ടായി. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിലേക്ക് ജയിലാസ്ഥാനകാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിനായി പരാമർശം 5 പ്രകാരം ടിയാൾ അപേക്ഷിക്കുകയും, വകുപ്പുതല തിരിച്ചറിയൽ കാർഡ്, പോലീസ് കാന്റീൻ കാർഡ് എന്നിവ തിരികെ ഏൽപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ, ടിയാളുടെ അപേക്ഷ പരിഗണിച്ച് ശ്രീമതി. യമുനകുമാരി എൻ നെ നഗരകാര്യ വകുപ്പിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി **31/08/2021** അപരാഹ്നം മുതൽ ജയിലാസ്ഥാനകാര്യാലയത്തിലെ ടിയാളുടെ ഔദ്യോഗിക ചുമതലകളിൽ നിന്നും വിടുതൽ ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീമതി. യമുനകുമാരി എൻ ജയിൽ വകുപ്പിൽ മറ്റെന്തെങ്കിലും ബാധ്യതകളുണ്ടെങ്കിൽ ആയത് തീർക്കേണ്ടതും, തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കു മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതുമാണ്.

ടിയാളുടെ അഭാവത്തിൽ ഓഫീസ് നടത്തിപ്പിന് ഭംഗം വരാത്തവിധം ഫെയർകോപ്പി സൂപ്രണ്ട് ആവശ്യമായ ജോലിക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

എസ് സന്തോഷ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ
സർവീസസ്സ് വേണ്ടി

സ്വീകർത്താവ് : ശ്രീമതി. യമുനകുമാരി എൻ,
ഓഫീസ് അറ്റൻഡന്റ്,
ജയിലാസ്ഥാനകാര്യാലയം (ഫെയർകോപ്പി സൂപ്രണ്ട് മുഖാന്തിരം).

പകർപ്പ് : 1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും.
2. സീനിയർ സൂപ്രണ്ട്, ജീവനക്കാര്യവിഭാഗം.
3. എ1 സീറ്റ്.
4. ജി4 സീറ്റ്.
5. നഗരകാര്യ ഡയറക്ടർ,
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ (പി ഒ)
തിരുവനന്തപുരം - 695003 (E-mail: duatvpm@gmail.com).
6. സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ (E- mail: tvpmcorpn@gmail.com).